പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

853/2012.

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 35-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ, "രണ്ടു തവണ" എന്ന വാക്കുകൾക്ക് പകരം "രണ്ടിലധികം തവണ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010 നവംബർ 1-നുശേഷം നിലവിൽവന്ന മിക്ക ഗ്രാമപഞ്ചായത്തുകളിലും, തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽവന്നാൽ ഗ്രാമസഭ വിളിച്ചുകൂട്ടരുത് എന്ന ധാരണ നിലനിന്നതിനാൽ 2011 ഫെബ്രുവരിക്കുശേഷം കൃത്യമായി ഗ്രാമസഭ വിളിച്ചു കൂട്ടുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം സമയ പരിധിക്കുള്ളിൽ ഗ്രാമസഭ വിളിച്ചുകൂട്ടിയില്ല എന്ന കാരണത്താൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (പി) ഖണ്ഡപ്രകാരം ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ അർഹനല്ലാതായിത്തീരുന്നതാണ്. ആയതിനാൽ, അങ്ങനെയുണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി അംഗങ്ങൾക്ക് നിയമ പരമായ പരിരക്ഷ നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഗ്രാമസഭ കൂടരുതെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ഈ വിഷയത്തിൽ പ്രായോഗികത മുൻനിർത്തി പെരുമാറ്റചട്ടം നിലനിന്നിരുന്ന സമയത്ത് ഗ്രാമസഭായോഗം വിളിച്ചുകൂട്ടാതിരുന്ന പഞ്ചായത്തംഗങ്ങളെ പ്രസ്തുത ഖണ്ഡപ്രകാരം

അയോഗ്യരാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിയമ പരിരക്ഷ നൽകുന്നത് അഭികാമ്യമായിരിക്കും എന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഗ്രാമസഭ വിളിച്ചുകൂട്ടാൻ കഴിയാത്തതുമൂലം ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് അംഗമായി തുടരാൻ ഉണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ രണ്ടുതവണ എന്ന വാക്കുകൾക്ക് പകരം രണ്ടിലധികം തവണ എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്യാനും പ്രസ്തുത ഭേദഗതിക്ക് ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ നിലവിൽവന്ന 2010 നവംബർ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകാനും സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എം. കെ. മുനീർ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**　　　　**　　　　**

35. അംഗങ്ങളുടെ അയോഗ്യതകൾ.—(1) 36-ാം വകുപ്പിലെയോ അല്ലെങ്കിൽ 102-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ,—

(എ) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ചപ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ, അഥവാ

**　　　　**　　　　**

**　　　　**　　　　**

**　　　　**　　　　**

(ഒ) പഞ്ചായത്തിനുണ്ടായ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗ ത്തിനോ ഉത്തരവാദിയായിരിക്കുകയോ ; അഥവാ

(പി) താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തി ലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുകയോ ; അഥവാ

(ക്യു) 159-ാം വകുപ്പുപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ചുള്ള പ്രസ്താവം നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുകയോ ;

(ആർ) 153-ാം വകുപ്പ് (13എ) ഉപവകുപ്പുപ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാനമേറ്റെടുക്കുന്നതിൽ വീഴ്ചവരുത്തുകയോ,

ആണെങ്കിൽ അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്.

**　　　　**　　　　**